**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Dr. Chithra S IAS )**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ഭരണജാഗ്രത - ഇടുക്കി ജില്ല - ഡ്രൈവർ ശ്രീ. ജോൺസൻ എഫ്. ന്റെ സേവനപുസ്തകം കുമാരമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും സമയബന്ധിതമായി അയച്ച് നൽകാത്തത് – സെക്രട്ടറി ശ്രീമതി. ഷേർളി ജോൺ നെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

പരാമർശം:

1) തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ 01-03-2024 ലെ LSGD/JD/IDK/702/2024-A1 നമ്പർ കത്ത്.
2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29-05-2024 ലെ LSGD/PD/18931/2024-VIGB3 നമ്പർ കത്ത്.
3) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07-09-2024, 12-09-2024 തീയതികളിലെ LSGD/PD/18931/2024-VIGB3 നമ്പർ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക.
4) ശ്രീമതി. ഷേർളി ജോണിന്റെ എതിർവാദ പത്രിക.
5) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28-02-2025 ലെ LSGD/PD/18931/2024-VIGB3 നമ്പർ ഉത്തരവ്.
6) തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ 22-04-2025 ലെ LSGD/JD/IDK/968/2023-A3 നമ്പർ കത്ത്.
7) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13-05-2025 ലെ LSGD/PD/18931/2024-VIGB3 നമ്പർ ഉത്തരവ്.
8) തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള 21-06-2025 ലെ LSGD/JD/IDK/968/2023-A3 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ് നമ്പർ. LSGD/PD/18931/2024-VIGB3 തീയതി: 21-07-2025**

ഇടുക്കി ജില്ലയിൽ കുമാരമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും കുടയത്തൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ച ഡ്രൈവർ ശ്രീ. ജോൺസൻ എഫ്. ന്റെ സേവനപുസ്തകം കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിട്ടില്ലായെന്നും, ആയത് ലഭ്യമാക്കണമെന്ന് കാണിച്ച് കുടയത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ നൽകിയിട്ടുള്ളതും ആയത് പ്രകാരം കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ടിയാന്റെ സേവനപുസ്തകം കാലികമാക്കി അടിയന്തിരമായി ബന്ധപ്പെട്ട ഓഫീസ് മേധാവിക്ക് അയച്ച് നൽകുന്നതിനും, ഇത്തരത്തിൽ കാലതാമസം വരുത്തിയ ബന്ധപ്പെട്ട ജീവനക്കാരുടെ വിശദീകരണം ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു എന്നും എന്നാൽ നാളിതുവരെ കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി ജീവനക്കാരന്റെ സേവനപുസ്തകം അയച്ച്

നൽകി ടി വിവരം റിപ്പോർട്ട് ചെയ്യുകയോ കാലതാമസം വരുത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ലാത്തതാണ് എന്നും പരാമർശം (1) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ഒരു ജീവനക്കാരന്റെ സേവനപുസ്തകം അകാരണമായി തടഞ്ഞ് വെക്കുകയും ആയത് നൽകുന്നതിന് നൽകിയ നിർദ്ദേശം ലംഘിക്കുകയും ചെയ്തത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുണ്ടായ കൃത്യവിലോപമായി കണക്കാക്കി കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഷേർളി ജോൺ നെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു.

മേൽ വിഷയത്തിൽ കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഷേർളി ജോണിനോട് പരാമർശം (2) പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിന് തീയതി രേഖപ്പെടുത്താതെയാണ് കൈപ്പറ്റുപകർപ്പ് തപാലിൽ അയച്ചിരുന്നത്. കൂടാതെ ടിയാൾ ആയതിന് മറുപടി നൽകിയിരുന്നില്ല. തുടർന്ന് ടിയാളിനെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും പരാമർശം (3) പ്രകാരം നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു. പ്രസ്തുത കുറ്റാരോപണ പത്രികയിൽ ചുവടെ ചേർക്കുന്ന ആരോപണങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു.

*1. 2023 ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് കുമാരമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും കുടയത്തൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ച ഡ്രൈവർ ശ്രീ. ജോൺസൻ എഫ്. എന്നവരുടെ സേവനപുസ്തകം കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ താങ്കൾ കുടയത്തൂർ ഗ്രാമപഞ്ചായത്തിലേക്ക് അയച്ചു നൽകിയില്ല.*

*2. ശ്രീ. ജോൺസൻ എഫ്.-ന്റെ സേവനപുസ്തകം കാലികമാക്കി അടിയന്തിരമായി ബന്ധപ്പെട്ട ഓഫീസ് മേധാവിക്ക് അയച്ച് നൽകുന്നതിനും, ഇത്തരത്തിൽ കാലതാമസം വരുത്തിയ സെക്ഷൻ ക്ലാർക്ക്, സൂപ്പർവൈസറി ഉദ്യോഗസ്ഥൻ, സെക്രട്ടറി എന്നിവരുടെ വിശദീകരണം 3 ദിവസത്തിനകം ലഭ്യമാക്കുന്നതിനും ഇടുക്കി ജില്ലാ ജോയിൻറ് ഡയറക്ടർ 08.02.2024 തീയതിയിലെ കത്ത് പ്രകാരം താങ്കൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ താങ്കൾ ആയത് പാലിച്ചില്ല.*

*3. ഈ വിഷയത്തിൽ ഈ കാര്യാലയത്തിൽ നിന്നും 29-05-2024 ൽ താങ്കളോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നതിൽ തിയതി രേഖപ്പെടുത്താതെ കൈപ്പറ്റ് പകർപ്പ് തപാലിൽ അയച്ചിട്ടുള്ളതും ആയതിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്. ഒരു ജീവനക്കാരന്റെ സേവനപുസ്തകം അകാരണമായി തടഞ്ഞ് വെയ്ക്കുകയും ആയത് നൽകുന്നതിന് ജോയിന്റ് ഡയറക്ടർ നൽകിയ നിർദ്ദേശം ലംഘിക്കുകയും ആയതിൽ പ്രിൻസിപ്പൽ ഡയറക്ടർ വിശദീകരണം ആരാഞ്ഞതിനോട് കൃത്യമായി പ്രതികരിക്കാതിരിക്കുകയും ചെയ്തത് താങ്കളുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയും, കൃത്യവിലോപവും അച്ചടക്കലംഘനവും മേലധികാരികളോടുള്ള നിഷേധാത്മക സമീപനവും സർക്കാർ സേവനത്തോടുള്ള അനാദരവുമാണ്.*

കുറ്റാരോപണ പത്രികയിൽ ശ്രീമതി ഷേർളി ജോൺ പരാമർശം (4) പ്രകാരം ചുവടെ ചേർക്കുന്ന വാദങ്ങൾ ഉൾപ്പെടുത്തി എതിർവാദ പത്രിക സമർപ്പിച്ചിരുന്നു.

*ഡ്രൈവർ ശ്രീ. ജോൺസൻ എഫ്. ന്റെ അനധികൃത അവധി, ഹാജരാകാത്ത ദിവസങ്ങളിൽ ശമ്പളം തടസം ചെയ്യൽ എന്നിവ സംബന്ധിച്ച ഫയൽ നിയമന അധികാരിയുടെ നടപടികൾക്കായി ഇരുന്നത് മൂലം നടപടികൾ എങ്ങനെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തണം എന്ന് അറിയാത്തതിനാലാണ് സേവന പുസ്തകം ഉടനെ അനുവദിക്കുന്നതിന് സാധിക്കാത്തത്. എന്നാൽ മേൽ ഓഫീസിൽ നിന്നും എന്തെങ്കിലും നിർദേശം ലഭിച്ചിരുന്നു എങ്കിൽ അപ്രകാരം ചെയ്യുമായിരുന്നു. 08/02/2024 ലാണ് ജില്ലാ ജോയിന്റ് ഡയറക്ടർ സർവ്വീസ് ബുക്ക് അയച്ചു നൽകണമെന്ന് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടത്. അപ്പോഴും നടപടിയിലിരിക്കുന്ന ഫയലിൽ*

*എപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തണമെന്ന് നിർദ്ദേശം തന്നിട്ടില്ല. നിയമന അധികാരിയിൽ നിന്നും നിർദ്ദേശം ലഭിക്കാത്തതിനെ തുടർന്ന് ടി വിഷയം സംബന്ധിച്ച് നിർദ്ദേശത്തിനായി ആഡിറ്റ് അധികൃതരെ സമീപിക്കുകയും അവരുടെ വാക്കാലുള്ള നിർദ്ദേശ പ്രകാരം നാളിതുവരെയുള്ള എല്ലാ രേഖപ്പെടുത്തലുകളും വരുത്തി സർവ്വീസ് ബുക്ക് കടയത്തൂർ പഞ്ചായത്തിലേക്ക് അയച്ചു നൽകുകയുണ്ടായി, 08/02/24 ലാണ് നിർദ്ദേശം ലഭിച്ചത്. 14/2/24 സർവ്വീസ് ബുക്ക് അയച്ച് നൽകിയിട്ടുണ്ട്.*

കുറ്റപത്രത്തിലെ ആരോപണങ്ങൾ ടിയാൾ നിഷേധിച്ചിരുന്നു. ടി വിഷയത്തിൽ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരം ഔപചാരിക അന്വേഷണം ആവശ്യമാണെന്ന് കണ്ടുകൊണ്ട് അപ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ജോസഫ് സെബാസ്റ്റ്യനെ ചുമതലപ്പെടുത്തി പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ശ്രീ. ജോസഫ് സെബാസ്റ്റ്യന് ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിക്കുകയും ടിയാൻ വിടുതൽ ചെയ്ത് മലപ്പുറം ജില്ലയിലേക്ക് പോയിട്ടുള്ളതുമാണ് എന്നും ടി സാഹചര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റി നിയമിച്ച് നൽകണമെന്നും കാണിച്ച് പരാമർശം (6) പ്രകാരം ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ കത്ത് നൽകിയിരുന്നു. ആയത് പരിഗണിച്ചുകൊണ്ട് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സെൻകുമാർ കെ. - യെ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി പരാമർശം (7) പ്രകാരം ഉത്തരവായിരുന്നു. ആയതിൽ അന്വേഷണം നടത്തി പരാമർശം (8) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് ലഭ്യമായിരുന്നു.

ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ കുറ്റപത്രത്തിലെ ആരോപണം നിലനിൽക്കുന്നതാണ് എന്നും ഉചിതമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ശിപാർശ ചെയ്തിരുന്നു. ശ്രീമതി. ഷേർളി ജോൺ കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരിക്കെ 31-05-2025 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ റിപ്പോർട്ടുകളും, ശ്രീമതി. ഷേർളി ജോണിന്റെ എതിർവാദവും, ഔപചാരിക അന്വേഷണ റിപ്പോർട്ടും പരിശോധിക്കുമ്പോൾ ടിയാളിനെതിരായ കുറ്റപത്രത്തിലെ ആരോപണങ്ങൾ പലതും നിലനിൽക്കുന്നതായി കാണുന്നു എങ്കിലും ടിയാൾ വിരമിച്ച സാഹചര്യത്തിൽ കെ.എസ്.ആർ. പാർട്ട് -3 പ്രകാരം നടപടി സ്വീകരിക്കാൻ തക്കവിധം ടിയാളുടെ പ്രവൃത്തി കാരണം സർക്കാരിന് സാമ്പത്തിക നഷ്ടമോ മറ്റു ഗുരുതരമായ ക്രമക്കേടോ ഉള്ളതായി കാണുന്നില്ല. ടി സാഹചര്യത്തിൽ **കുമാരമംഗലം ഗ്രാമപഞ്ചായത്ത് ശ്രീമതി ഷേർളി ജോണിനെതിരായ മേൽ വിഷയത്തിലെ അച്ചടക്കനടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.**

Dr. Chithra S IAS
PRINCIPAL DIRECTOR

ശ്രീമതി ഷേർളി ജോൺ
കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരിക്കെ വിരമിച്ചു
(തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി മുഖേന)

പകർപ്പ് :
1. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ഇടുക്കി ജില്ല (ഉത്തരവ് ശ്രീമതി. ഷേർളി ജോണിന് നൽകി കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കേണ്ടതാണ്.)
2. സൂപ്രണ്ട്, DEA സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

3. സൂപ്രണ്ട് DED സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് വിവരാവകാശ നിയമം പ്രകാരം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Balagopal P C
Date: 21-07-2025 17:24:27